"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കുമാരപുരം - പൂന്തി റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള അപേക്ഷയിൽ കക്ഷിയായ ശ്രീ. ഗോവർദ്ധനന് അധിക ധനാനുമതിയായി "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ അനുവദിച്ച തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1374/2024/LSGD തീയതി,തിരുവനന്തപുരം, 29-07-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.2308/2022/തസ്വഭവ തീയതി 22/09/2022
2. സ.ഉ.(സാധാ) നം.2380/2022/തസ്വഭവ തീയതി 30/09/2022
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 27/11/2023ലെ കെ16-17309/2018 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23.12.2023ലെ എസ്സ്1/909/2021/ട്രിഡ (2) നമ്പർ കത്ത്.
5. സ.ഉ.(സാധാ) നം. 5274/2024/ധന തീയതി 04/7/2024

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം -എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിലേക്കായി ട്രിഡ അർത്ഥനാധികാരിയായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നും വില നിയമം സെക്ഷൻ 28 എ പ്രകാരം കക്ഷിയായ ശ്രീ. ഗോവർദ്ധനന് പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം 15,37,518/- രൂപയും 15,72,338/- രൂപയും അനുവദിച്ചിരുന്നു. എന്നാൽ കക്ഷിയുടെ പേരിൽ നിലവിലുണ്ടായിരുന്ന കോടതി കേസിലെ ഉത്തരവിന്മേൽ നിയമോപദേശം ലഭ്യമാക്കേണ്ടിയിരുന്നതിനാൽ ആയത് യഥാസമയം ലാന്റ് അക്വിസിഷൻ ഓഫീസർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നില്ലെന്നും ടി സാഹചര്യത്തിൽ പ്രസ്തുത തുക സാമ്പത്തിവർഷം അവസാനിച്ചതിനാൽ കാലഹരണപ്പെട്ടിരുന്നുവെന്നും അതിനാൽ ടി തുക അടിയന്തിരമായി റി അലോട്ട് ചെയ്തു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും

പരാമർശം (3) പ്രകാരം ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം -എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിന് ഏറ്റെടുത്ത തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിലെ Sy. No. 1616 (LA Re.Sy. No. 148/17, 18)ൽ ഉൾപ്പെട്ട 0.40 ആർ സ്ഥലത്തിന് 15,37,518/- രൂപയും Sy. No. 1675/1 (LA Re.Sy. No. 153/24) ൽ ഉൾപ്പെട്ട 0.41 ആർ സ്ഥലത്തിന് 15,72,338/- രൂപയും ചേർത്ത് ആകെ 31,09,856 രൂപ (മുപ്പത്തൊന്ന് ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അൻപത്തി ആറ് രൂപ മാത്രം) കക്ഷിയായ ശ്രീ. ഗോവർദ്ധനന് (S/o പത്മനാഭൻ, കിഴക്കേപുത്തൻ വീട്, വെൺപാലവട്ടം, ആനയറ പി.ഒ. തിരുവനന്തപുരം) പരാമർശം (5) പ്രകാരം അധിക ധനാനുമതിയായി "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ അനുവദിച്ച തുകയിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ട്രിഡ
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ശ്രീ. ഗോവർദ്ധനൻ, S/o പത്മനാഭൻ, കിഴക്കേപുത്തൻ വീട്, വെൺപാലവട്ടം, ആനയറ പി.ഒ. തിരുവനന്തപുരം.
ട്രിഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രിഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/ ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
നിയമ വകുപ്പ് (ST-II1/74/2022-LAW dated 24/7/2022)
ധനവകുപ്പ് (WCD-3/123/2023-FIN E 2439225 dated 17/7/2023)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/179/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Rajesh N
Date: 29-07-2024 12:24:05
സെക്ഷൻ ഓഫീസർ